# നബി (സ)യുടെ മരണം

'സമസ്ത മനുഷ്യരും മരണമാസ്വദിക്കേണ്ടവരാകുന്നു' – ഖുർആൻ

അല്ലാഹുവിന്റെ സന്ദേശവുമായി ലോകത്തിനാകമാനം റഹ്മത്തായി നിയുക്തനായ പ്രവാചകനാണ് മുഹമ്മദ് നബി (സ). ലോകാവസാനം വരെയുള്ള സകല മനുഷ്യരും സന്മാർഗത്തിനായി പിൻപറ്റേണ്ടത് അന്ത്യപ്രവാചകനായ മുഹമ്മദ് നബി (സ)യെ ആണ്.

**ജനനം:** ആനക്കലഹ വർഷം (ക്രിസ്തുവർഷം 571 ഏപ്രിൽ) തിങ്കളാഴ്ച അബ്ദുല്ലയുടേയും ആമിനയുടേയും മകനായി മുഹമ്മദ് നബി (സ) മക്കയിൽ ഹാശിം കുടുംബത്തിൽ ജനിച്ചു. കുറഞ്ഞ കാലം സുവൈബയും പിന്നീട് ഹലീമയും നബിക്ക് പാലൂട്ടി. കൊച്ചു നാളിൽ ആട് മേക്കുകയും യുവത്വത്തിൽ കച്ചവടത്തിലേർപ്പെടുകയുമുണ്ടായി. 25–ാം വയസ്സിൽ ഖുറൈശി പ്രമുഖയായ വിധവ ഖദീജ ബീവിയെ അവരുടെ 40–ാം വയസ്സിൽ വിവാഹം കഴിച്ചു. സത്യസന്ധതയും ഉൽകൃഷ്ട ജീവിതവും കാരണം അൽ അമീൻ എന്നായിരുന്നു ഇക്കാലത്ത് നാട്ടുകാർ അദ്ദേഹത്തെ വിളിച്ചിരുന്നത്. ഹജറുൽ അസ്‌വദിന്റെ പുനർവെപ്പിൽ യുവാവായ മുഹമ്മദിന്റെ തീരുമാനം സന്തോഷത്തോടെ സ്വീകരിക്കാൻ മാത്രം അദ്ദേഹം നാട്ടിൽ സ്വീകാര്യനായി. മക്കയിൽ നിറഞ്ഞുനിന്ന സകല കൊള്ളരുതായ്മകളിൽനിന്നും അദ്ദേഹം വിട്ടുനിന്നു. നാൽപതാമത്തെ വയസ്സിൽ നുബുവത്ത് ലഭിച്ചു. പതിമൂന്ന് വർഷം മക്കയിലും പിന്നെ പത്തു വർഷം മദീനയിലും കഷ്ട നഷ്ടങ്ങളും പ്രയാസങ്ങളും സഹിച്ചും ദീനിനെ പ്രബോധനം ചെയ്യുന്നതിൽ തിരുമേനി വ്യാപൃതനായി.

അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റിയതോടെ പ്രവാചകൻ(സ)യുടെ വിയോഗ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. അവയിൽ ചിലത് –

നബി(സ)യുടെ അവസാന റമദാനിൽ ഇരുപത് ദിവസമാണ് അവിടത്ത് ഇഅ്തികാഫിരുന്നത്. മുൻ റമദാനുകളിലിത് പത്ത് ദിവസം മാത്രമായിരുന്നു. സഹാബത്തിനോടൊപ്പം അടുത്ത വർഷം ഉണ്ടാവുകയില്ലെന്ന് ഹജ്ജത്തുൽ വിദാഇൽ പ്രവാചകൻ സൂചന നൽകി. അദ്ദേഹത്തിൽനിന്ന് ഹജ്ജ് കർമങ്ങൾ നന്നായി പഠിക്കാനും അവരോട് അന്നേ ദിവസം ആവശ്യപ്പെട്ടു. വേർപാടിന്റെ വ്യക്തമായ അടയാളമായി സൂറത്തുന്നസ്വർ ഈ സമയത്ത് അവതീർണമായി.

ഹിജ്റ പതിനൊന്നാം വർഷം സഫർ ആരംഭത്തിൽ നബി (സ) ഉഹ്ദിലേക്ക് പോയി. യാത്ര പറയുകയെന്നോണം ശുഹദാക്കൾക്കായി പ്രാർഥിച്ചു. തുടർന്ന് സഹാബിമാരോടായി നടത്തിയ പ്രസംഗത്തിൽ അവർക്ക് മുമ്പേ പോവുകയാണെന്നും ഹൗളുൽ കൗസർ നോക്കിക്കാണുന്നുവെന്നും പറഞ്ഞു. എനിക്ക് ശേഷം നിങ്ങൾ ബഹുദൈവ വിശ്വാസികളായേക്കുമെന്ന് ഞാൻ ഭയക്കുന്നില്ല. ദുൻയാവ് നേടുന്നതിൽ നിങ്ങൾ മത്സരിച്ചേക്കുമെന്നാണ് ഭയപ്പെടുത്തുന്നതെന്നും അദ്ദേഹം തദവസരത്തിൽ സഹാബത്തിനെ അറിയിച്ചു. അന്ന് പാതിരാവിൽ ജന്നത്തുൽ ബഖീഇലെത്തി മറമാടപ്പെട്ടവരുടെമേൽ സലാം പറഞ്ഞ പ്രവാചകൻ അവർക്കായി പൊറുക്കലിനെത്തേടുകയും ചെയ്തു.

**രോഗത്തിന്റെ തുടക്കം:** ഹിജ്റ പതിനൊന്ന് സഫർ 29–ന് തിങ്കളാഴ്ച ജന്നത്തുൽ ബഖീഇൽ ഒരു ജനാസയിൽ പങ്കെടുത്തു മടങ്ങവേ പ്രവാചകന് കടുത്ത തലവേദനയും പനിയും ബാധിച്ചു.

**വഫാത്തിന്റെ അവസാന ആഴ്ച:** നബി (സ)ക്ക് രോഗം കടുത്തു. മറ്റു ഭാര്യമാരുടെ സമ്മതത്തോടെ ആയിശ (റ)യുടെ വീട്ടിലേക്ക് താമസം മാറ്റി. ആയിശ (റ) മുഅവ്വിദത്തൈനിയും ദുആകളും ഓതി നബിയുടെ ശരീരത്തിൽ ഊതുകയും തടവുകയും ചെയ്തുകൊടുത്തു.

**അഞ്ച് ദിവസം മുമ്പ്:** ബുധനാഴ്ച വേദന കഠിനമായതിനെത്തുടർന്ന് ബോധക്ഷയമുണ്ടായി. ബോധം തെളിഞ്ഞപ്പോൾ ശരീരത്തിൽ ഏഴു പാത്രം വെള്ളമൊഴിപ്പിച്ചു. നേരിയ ആശ്വാസം അനുഭവപ്പെട്ട പ്രവാചകൻ പള്ളിയിലെത്തി മിമ്പറിൽ കയറി സഹാബത്തിന് ഉപദേശം നൽകി. 'പ്രവാചകന്മാരുടെ ഖബറുകൾ ആരാധനാലയങ്ങളാക്കിയതു കാരണം യഹൂദരെയും ക്രിസ്ത്യാനികളേയും അല്ലാഹു ശപിച്ചെ'ന്ന് അറിയിച്ച പ്രവാചകൻ(സ) അദ്ദേഹത്തിന്റെ ഖബർ ആരാധനാലയമാക്കരുതെന്ന് ശക്തിയായി ആവശ്യപ്പെട്ടു. വല്ലവർക്കും തന്നിൽനിന്ന് അന്യായം ഉണ്ടായിട്ടുണ്ടെങ്കിൽ പരലോകത്തേക്ക് വെക്കാതെ ഇവിടന്ന് തന്നെ പ്രതികാരം ചെയ്യാനും ആവശ്യപ്പെട്ടു. ളുഹറ് നമസ്കാരത്തിന് ശേഷം വീണ്ടും മിമ്പറിൽ കയറി ഇതാവർത്തിച്ചു. വീട്ടാനുണ്ടായിരുന്ന മൂന്ന് ദിർഹം നൽകാൻ ഏർപ്പാടാക്കി. അൻസ്വാറുകളോട് നല്ല നിലയിൽ വർത്തിക്കാൻ ഉപദേശിച്ചു. അല്ലാഹുവിന്റെ പക്കലുള്ളത് തെരഞ്ഞെടുക്കുകയാണ് ദൈവദാസനായ താനെന്ന് അറിയിച്ചു. അബൂബക്കർ (റ) ഇസ്‌ലാമിന് ചെയ്ത സേവനങ്ങളും സഹിച്ച കഷ്ടപ്പാടുകളും കാരണത്താൽ അദ്ദേഹത്തോടുള്ള സ്നേഹത്തെപ്പറ്റി പരാമർശിച്ച നബി (സ) ആദർശ ബന്ധമാണ് ഏറ്റവും പ്രധാനപ്പെട്ടതെന്നും വ്യക്തമാക്കി.

**നാല് ദിവസം മുമ്പ്:** വ്യാഴാഴ്ച വീണ്ടും രോഗം കൂടുതലായി. മദീനയിൽനിന്ന് യഹൂദരേയും ക്രിസ്ത്യാനികളേയും മുശ്‌രിക്കുകളേയും പുറത്താക്കുക, ഖുർആനും സുന്നത്തും മുറുകെ പിടിക്കുക, നമസ്കാരം മുറപ്രകാരം നിലനിർത്തുക എന്നീ കാര്യങ്ങളെപ്പറ്റി പ്രത്യേകം വസ്വിയത്ത് ചെയ്തു. ഇശാ ആയപ്പോഴേക്ക് വേദന വീണ്ടും കൂടി. പള്ളിയിലേക്ക് പോകാൻ കഴിയാതിരുന്നതിനാൽ അബൂബക്കർ (റ) ആണ് നബി(സ)യുടെ ആവശ്യപ്രകാരം ഇശാക്ക് ഇമാമത്ത് നിന്നത്.

**വഫാത്തിന്റെ രണ്ട് ദിവസം മുമ്പ്:** നേരിയ ആശ്വാസം അനുഭവപ്പെട്ടപ്പോൾ രണ്ട് പേരുടെ സഹായത്തോടെ പള്ളിയിലെത്തി ഇമാമായിരുന്ന അബൂബക്കർ (റ)വിന്റെ ഇടതുഭാഗത്ത് നമസ്കാരത്തിന് നേതൃത്വം നൽകി.

**ഒരു ദിവസം മുമ്പ്:** തന്റെ അടിമയെ മോചിപ്പിച്ചു. കൈയിലുണ്ടായിരുന്ന ഏഴ് ദിനാറും പടക്കോപ്പും ദാനം നൽകി. ഈ സമയത്ത് പ്രവാചകന്റെ അങ്കി ഒരു ജൂതന്റെ പക്കൽ പണയമായിരുന്നു. (അന്ന് കത്തിക്കാനുള്ള എണ്ണ കടംവാങ്ങുകയാണ് ചെയ്തത്).

**അവസാന ദിവസം:** തിങ്കളാഴ്ച മുസ്‌ലിംകൾ പ്രഭാത നമസ്കാരം അബൂബക്കർ (റ)ന്റെ നേതൃത്വത്തിൽ നിർവഹിക്കുകയായിരുന്നു. പ്രവാചകൻ വീട്ടിലെ വിരി നീക്കി അവരെ നോക്കി പുഞ്ചിരി തൂകി. പള്ളിയിലേക്ക് പോകാനാവാതിരുന്നതിനാൽ അവിടന്ന് വീട്ടിൽ തന്നെ തങ്ങി. ളുഹാ നമസ്കാര സമയമായപ്പോൾ ഫാത്വിമ(റ)യെ വിളിച്ച് മരണം അടുത്തെന്നും കുടുംബത്തിൽനിന്ന് ആദ്യം തന്നോടൊപ്പം ചേരുക അവരാണെന്നും സ്വകാര്യം പറഞ്ഞ പ്രവാചകൻ സ്ത്രീകളുടെ നേതാവാണ് അവരെന്നും സന്തോഷ വാർത്ത അറിയിച്ചു. നബി(സ)യുടെ മരണ വേദന കണ്ട് വിഷമിച്ച ഫാത്വിമ(റ)യെ സമാധാനിപ്പിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു – 'മോളേ, ഇതിന് ശേഷം ഉപ്പാക്ക് യാതൊരു വേദനയും വിഷമവും അനുഭവിക്കേണ്ടിവരില്ല.' ഹസൻ, ഹുസൈൻ (റ) എന്നിവരെ ഉമ്മ വെച്ചുകൊണ്ട് അവരോട് നല്ല നിലയിൽ വർത്തിക്കാൻ വസ്വിയത്ത് ചെയ്തു. ഭാര്യമാർക്ക് പ്രത്യേകം ഉപദേശങ്ങൾ നൽകി. നബിക്ക് വേദന കൂടിക്കൊണ്ടിരുന്നു. നമസ്കാരത്തിൽ വീഴ്ച സംഭവിക്കരുതെന്നും അടിമകളോട് നല്ല നിലയിൽ വർത്തിക്കണമെന്നും വീണ്ടും വസ്വിയത്ത് ചെയ്തു.

**മരണം ആസന്നമായി:** ഈ സന്ദർഭത്തിൽ നബി(സ) ആയിശ (റ)യിലേക്ക് ചാരിയിരുന്നു. അവർ ചവച്ച് പതം വരുത്തി നൽകിയ മിസ്‌വാക്ക് കൊണ്ട് നന്നായി പല്ല് തേച്ചു. വെള്ളത്തിൽ ഇടക്കിടെ കരം മുക്കി സ്വശരീരം തടവിക്കൊണ്ടിരുന്ന പ്രവാചകൻ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന് ഉരുവിട്ടുകൊണ്ടിരിക്കുകയും മരണത്തിന് വല്ലാത്ത വേദനയാണുള്ളതെന്ന് ആവർത്തിക്കുകയും ചെയ്തു. വിരൽ മുകളിലേക്ക് ചൂണ്ടിയ തിരുമേനി അങ്ങോട്ട് തന്നെ നോക്കിക്കൊണ്ടിരുന്നു. പ്രവാചകന്റെ ചുണ്ടുകൾ മെല്ലെ ചലിച്ചു. ആയിശ (റ) നബിയുടെ ചുണ്ടോടടുത്ത് ചെവി ചേർത്ത് ശ്രദ്ധിച്ചപ്പോൾ അവിടന്ന് ഇങ്ങനെ പറയുന്നതാണ് കേട്ടത് – 'പടച്ചവനേ, നീ അനുഗ്രഹിച്ച പ്രവാചകരുടേയും സിദ്ധീഖുകളുടേയും സ്വാലിഹീങ്ങളുടേയും ശുഹദാക്കളുടേയും കൂടെ എന്നെ നീ ചേർക്കേണമേ, എനിക്ക് പൊറുത്തു തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ. ഉന്നത സ്ഥാനീയരായ ആ മഹത്തുക്കളിലേക്ക് എന്നെ ഉയർത്തണമേ'. അവസാന വാചകം മൂന്ന് പ്രാവശ്യം അവിടന്ന് ആവർത്തിച്ചു. അതോടെ തിരുമേനി(സ)യുടെ കരം സാവധാനത്തിൽ താഴ്ന്നു. ചുണ്ടുകൾ നിശ്ചലമായി. റബിഉൽ അവ്വൽ 12 തിങ്കളാഴ്ച ളുഹാ സമയത്ത് മഹാനായ പ്രവാചകൻ(സ) ഈ ലോകത്തോട് വിടപറഞ്ഞു – ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. വഫാത്താകുമ്പോൾ പ്രവാചകന്റെ പ്രായം 63 വയസ്സും 4 ദിവസവുമായിരുന്നു.

വഫാത്തിന് ശേഷം ഖലീഫയെ തെരഞ്ഞെടുത്ത് മൂന്നാമത്തെ ദിവസം തിരു ശരീരം നഗ്നമാക്കാതെതന്നെ കുളിപ്പിച്ച് കഫൻ ചെയ്ത് ജനാസ നമസ്കാരത്തിന് ശേഷം ആയിശ(റ)യുടെ വീട്ടിൽ തന്നെ മറമാടി. ആദ്യം കുടുംബവും പിന്നെ മുഹാജിറുകളും തുടർന്ന് അൻസ്വാറുകളും ശേഷം കുട്ടികളും വഴിയെ സ്ത്രീകളും കൊച്ചു കൊച്ചു സംഘങ്ങളായിട്ടാണ് നമസ്കരിച്ചത്. അതുവരെ വിശുദ്ധ ദേഹം മുറിക്കുള്ളിൽ വാതിലടച്ച് വെക്കപ്പെട്ട നിലയിലായിരുന്നു.

**പ്രവാചകന്റെ ഭാര്യമാർ:** ഖുവൈലിദ് മകൾ ഖദീജ, സംഅ മകൾ സൗദ, അബൂബക്കർ മകൾ ആയിശ, ഉമർ മകൾ ഹഫ്സത്ത്, ഖുസൈമ മകൾ സൈനബ, അബൂ ഉമയ്യ മകൾ ഉമ്മുസലമത്ത്, ജഹ്ശ് മകൾ ജുവൈരിയത്ത്, അബൂ സുഫ്യാൻ മകൾ ഉമ്മു ഹബീബ റംലത്ത്, ഹാരിസ് മകൾ മൈമൂനത്ത് (റളിയള്ളാഹു അൻഹുന്ന) അടിമ ജുവൈരിയ്യ (റ)

**പ്രവാചകന്റെ മക്കൾ:** സൈനബ, റുഖിയ, ഉമ്മു കുൽസു, ഫാത്വിമ, ഇബ്രാഹിം, ഖാസിം, അബ്ദുല്ല. ആൺ മക്കളെല്ലാം കുട്ടി പ്രായത്തിൽ തന്നെ മരണപ്പെട്ടു.

**പ്രവാചകനോടുള്ള കടമകൾ:** അല്ലാഹുവിനെ കഴിഞ്ഞാൽ നബി(സ)യെ മറ്റാരേക്കാളും സ്നേഹിക്കുക. ഖുർആനും സുന്നത്തും പഠിക്കുക. ഖുർആനിനും പ്രവാചകന്റെ മാർഗ നിർദേശങ്ങൾക്കുമനുസരിച്ച് ജീവിക്കുക, തിരുമേനിയെ വഴികാട്ടിയും മാതൃകയുമായി സ്വീകരിക്കുക, പ്രവാചകനെ പറയുമ്പോൾ സ്വലാത്ത് ചൊല്ലുക.

**മൗലിദാഘോഷം:** നബിയുടെ ജന്മദിനാഘോഷം ഖുർആനോ സുന്നത്തോ പഠിപ്പിച്ചതല്ല. സഹാബത്തോ താബിഉകളോ ഇമാമീങ്ങളോ സലഫുസ്വാലിഹീങ്ങളോ ചെയ്ത് മാതൃക കാണിച്ചതുമല്ല.

ഇബ്നു ഹജറുൽ അസ്ഖലാനി (റ) പറയുന്നു – മൗലിദാഘോഷം ബിദ്അത്താണ്. ഉൽകൃഷ്ടമെന്ന് നബി(സ) പറഞ്ഞ മൂന്ന് നൂറ്റാണ്ടിലെ സ്വലഫുസ്വാലിഹീങ്ങളിൽനിന്ന് മൗലിദാഘോഷം ഉദ്ധരിക്കപ്പെട്ടിട്ടില്ല. (അൽ ഹാവീ ലിൽഫതാവാ).

ഫതഹുൽ മുഈനിന്റെ ഹാശിയ ഇഹനത്തുത്ത്വാലിബീനിൽ പറയുന്നു – ഇമാം സഖാഫി പറയുന്നു. നിശ്ചയമായും ഈ മൗലിദാഘോഷം നടത്തുന്ന ഏർപ്പാട് ഹിജ്റ മൂന്നു നൂറ്റാണ്ടുകൾക്ക് ശേഷം പുതുതായുണ്ടായ കാര്യമാണ്.

തഫ്സീറുൽ മനാറിൽ പറയുന്നു – നബിയുടെ മൗലിദാഘോഷം ആറാം നൂറ്റാണ്ടിന്റെ അവസാനത്തിലോ ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ തുടങ്ങിയതാണ്. മഹാനായ ഇമാം ഫാകഹാനി മൗലിദാഘോഷത്തിന് തെളിവില്ലെന്നും അത് തീറ്റക്കൊതിയന്മാരുണ്ടാക്കിയ ബിദ്അത്താണെന്നും പറഞ്ഞതായി ഇമാം സിയൂത്വി (റ) ഉദ്ധരിച്ചിട്ടുണ്ട്.

ശൈഖ് ഇബ്നുബാസിനെപ്പോലെയുള്ള ആധുനിക പണ്ഡിതരും മൗലിദാഘോഷം ബിദ്അത്താണെന്നും വർജിക്കേണ്ടതാണെന്നും ഫത്‌വ നൽകിയിട്ടുണ്ട്.

ആഇശ (റ) പറയുന്നു – റസൂൽ പ്രസ്താവിച്ചിരിക്കുന്നു. നമ്മുടെ ഇക്കാര്യത്തിൽ (ദീനിൽ) അതിലില്ലാത്ത വല്ലതും ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാകുന്നു (ഹദീസ്).

പ്രസാധനം: കാൾ ആന്റ് ഗൈഡൻസ്, സനാഇയ, ജിദ്ദ, സൗദി അറേബ്യ ● ഫൈസലിയ്യ പുനഃപ്രസിദ്ധീകരിക്കുന്നത്.